**0471–2478585, 9495000915, 9495000918 (തിരുവനന്തപുരം), 9495000923 (കൊട്ടിയം)** എന്നീ ഫോൺ നമ്പരുകളിൽ പ്രവർത്തിസമയങ്ങളിൽ ബന്ധപ്പെടുക.

5. വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആന്റ് ഫുഡ്ടെക്നോളജി (വി.കെ.ഐ.ഡി.എഫ്.റ്റി) യിലെ അവസാന വർഷ ബി.ടെക് ഡയറിടെക്നോളജി, ഫുഡ്ടെക്നോളജി എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ പാഠ്യപദ്ധതിയുടെ ഭാഗമായി നടത്തുന്ന **'അനുഭവ പരിചയ പഠന'**(Experiential Learning) പരിപാടിയിലൂടെ വിദ്യാർത്ഥികൾ തയ്യാറാക്കിയ മൂല്യ വർദ്ധിത ഭക്ഷ്യ വിഭവങ്ങൾ വെറ്ററിനറി സർവ്വകലാശാലയുടെ മണ്ണുത്തി വിപണന കേന്ദ്രത്തിലൂടെ ലഭ്യമാകുന്നതാണ്. വാട്ടർമെലൺ മിന്റ്മൊജിറ്റോ, ബീറ്റ്റൂട്ട് സ്പിനാച്ച് സ്ക്വാഷ്, ദബ്ജി പോള, വാട്ടർ മെലൺ റിന്റ് ബാർ, മാജിക് മൊമന്റ്സ, മിർച്ചി പോപ്പേർസ്, ക്യാരറ്റ് കാർഡമം സ്ക്വാഷ്, ജാക്കേം സ്പ്രെഡ്, മാഞ്ചി, കൈപ്പോ, മാഞ്ചി പച്ചമാങ്ങ സ്ക്വാഷ്, സബ്ജിരാഞ്ചി, ടെൻഡർ കോക്കനട്ട് ഷേക്ക്, ഹിബിസ്കസ് ലസ്സി, കുകുമ്പർ മിൽക്ക്, മിന്റോവേ, ചിക്കു ഡേറ്റ്സ് ഐസ്ക്രീം, ഗ്രേപ്പ് ഷ്രിഗണ്ഡ്, കട്ട മീത്ത എന്നീ വ്യത്യസ്തമായ മൂല്യ വർദ്ധിത വിഭവങ്ങളാണ് വിദ്യാർത്ഥികളുടെ അനുഭവ പരിചയ പഠന പരിപാടിയിലൂടെ തയ്യാറാക്കി വിൽപ്പന നടത്തുന്നത്.അനുഭവ പരിചയ പഠന (Experiential Learning) പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം വെറ്ററിനറി കോളേജ് ഡീൻ നിർവഹിച്ചു. വി.കെ.ഐ.ഡി.എഫ്.റ്റി ഡീൻ ഡോ. എസ്.എൻ. രാജകുമാർ അദ്ധ്യക്ഷനായിരുന്നു.

6. സർക്കാരിന്റെ രണ്ടാം നൂറുദിനപരിപാടികളോടനുബന്ധിച്ച് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ കൃഷിഭവൻ തല ഉദ്ഘാടനം കുടപ്പനക്കുന്ന് കൃഷിഭവനിൽ വച്ച് വി. കെ. പ്രശാന്ത് എം എൽ എ നിർവഹിച്ചു. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷിഭവൻ ഉദ്യോഗസ്ഥരും കാർഷിക കർമസേനയും സംയുക്തമായി ഒരുക്കിയ **'പഠിക്കാൻ കൃഷിയിടം'** എന്ന മാതൃകാ തോട്ടത്തിൽ തൈകൾ നട്ടു കൊണ്ടാണ് ഉദ്ഘാടനം നിർവഹിച്ചത്. കുടുംബശ്രീക്കുള്ള വിത്തുകളുടെയും തൈകളുടെയും വിതരണം കൃഷി ഡെപ്യൂട്ടി ഡയറക്ടർ മിനി. സി. എൽ നടത്തി.

